2. പള്ളിവാസൽ, പന്നിയാർ, ചെങ്കുളം

പദ്ധതികളുടെ നവീകരണം – 5,99,48.740 കനേഡിയൻ ഡോളർ

(സി)&(ഡി) ടെണ്ടർ വിളിച്ചിരുന്നില്ല. കുറ്റ്യാടി എക്സ്റ്റൻഷനുവേണ്ടി 29.8.95-ലെ എഗ്രിമെന്റിന്റേയും പന്നിയാർ, ചെങ്കുളം, പള്ളിവാസൽ നവീകരണത്തിനുവേണ്ടി 10.8.1995-ലെ എം.ഒ.യു.ന്റേയും 24.2.96-ലെ എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിലാണ് വർക്കുകൾ കൊടുത്തത്.

പുതിയ കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ

108 (3509)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ തുകകൾ കെ.എസ്.ഇ.ബി. ഓഫീസുകളിൽ അടയ്ക്കുന്നതിനും ഓഫീസ് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാനത്ത് ഏകീകൃത സ്വഭാവം നിലനിർത്തുമോ?

ഉത്തരം

(എ) പുതിയ കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കാനും, തുകകൾ അടയ്ക്കാനും, പരമാവധി കാലതാമസം ഒഴിവാക്കിക്കൊണ്ടുള്ള നടപടിക്രമമാണ് ബോർഡ് സ്വീകരിച്ചിട്ടുള്ളത്. നിശ്ചിതഫോറത്തിൽ വയറിംഗിനുള്ള അപേക്ഷ സെക്ഷൻ ഓഫീസിൽ നൽകിയാൽ 8 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് വയറിംഗിനുള്ള പെർമിഷൻ നൽകേണ്ടതാണ്. വയറിംഗ് പൂർത്തീകരിച്ചശേഷം കംപ്ലീഷൻ റിപ്പോർട്ട്, ടെസ്റ്റ് റിപ്പോർട്ട് എന്നിവ അസിസ്റ്റന്റ് എഞ്ചിനീയറുടെ മുമ്പിൽ ഹാജരാക്കിയാൽ ഉടൻതന്നെ ആപ്ലിക്കേഷൻ ഫീ അടയ്ക്കാവുന്നതാണ്. തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുൻഗണനാക്രമമനുസരിച്ച് പരിശോധിക്കുകയും സർവ്വീസ് കണക്ഷൻ ചാർജും സി.ഡി.യും അടയ്ക്കേണ്ടനോട്ടീസ് തപാലിൽ അയയ്ക്കുന്നതുമാണ്. അപേക്ഷകൻ തുക അടക്കുന്നതോടെ കൺസ്യൂമർ നമ്പർ ലഭിക്കുകയും, മുൻഗണനാക്രമത്തിൽ കണക്ഷൻ നൽകുകയും ചെയ്യുന്നു. മുൻഗണനാക്രമം തെറ്റിക്കാതെയും അനാവശ്യമായ കാലതാമസം ഒഴിവാക്കാനും നിലവിലുള്ള സംവിധാനംകൊണ്ട് കഴിക്കേണ്ടതാണ്.

(ബി) സംസ്ഥാനത്ത് ഇക്കാര്യത്തിൽ ഏകീകൃത നടപടിക്രമമാണ് നിലവിലുള്ളത്.

മിനി ഹൈഡൽ പദ്ധതി

109 (3510)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യമേഖലയിൽ മിനി ഹൈഡൽ പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സ്വകാര്യമേഖലയിൽ കാപ്റ്റീവ് ബേസിസിൽ മിനി ഹൈഡൽ പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ഇലക്ട്രിസിറ്റി മീറ്റർ സെൽഫ് റീഡിംഗ് സമ്പ്രദായം

110 (3511)ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി മീറ്റർ സെൽഫ് റീഡിംഗ് സമ്പ്രദായം സംസ്ഥാനത്ത് എവിടെയൊക്കെ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) സ്പോർട്ട് ബില്ലിംഗ് സമ്പ്രദായം എവിടെയെല്ലാം നിലവിലുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ സമ്പ്രദായങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഈ സമ്പ്രദായങ്ങൾ സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലേയ്ക്ക് നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന 16 സെക്ഷനുകളിൽ സെൽഫ് റീഡിംഗ് സമ്പ്രദായം നിലവിലുണ്ട്.

1. വെള്ളനാട്	9. തൃപ്പെരുംതുറ
2. അയത്തിൽ	10. തൃക്കാക്കര
3. കുണ്ടറ	11. കണ്ടശ്ശാംകടവ്
4. കോന്നി	12. കല്പാത്തി
5. മരങ്ങാടുംപള്ളി	13. ഒലവക്കോട്
6. ചേർത്തല	14. വളാഞ്ചേരി
7. ചങ്ങനാശ്ശേരി	15. അഴിക്കോട്
8. കട്ടപ്പന	16. കാഞ്ഞങ്ങാട്

(ബി) വിശദാംശങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) ഈ സംപ്രദായങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടില്ല.

(ഡി) 1.6.2000 മുതൽ സ്പോർട്ട് ബില്ലിംഗ് സംപ്രദായം സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലുള്ള 142 സെക്ഷനുകളിൽക്കൂടി വ്യാപിപ്പിക്കുവാൻ ബോർഡ് ഉത്തരവായിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പരസ്യത്തിനായി മുടക്കിയ തുക

111 (3512)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly